കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ ഇറച്ചിക്കോഴി വളർത്തൽ പ്രോജക്ട് ( പ്രോജക്ട് നം- 36/18 അടങ്കൽ 46.00 ലക്ഷംരൂപ, വികസന ഫണ്ട്-23.00 ലക്ഷം രൂപ) നൂതനവിഭാഗത്തിൽ പെടുത്തി നടപ്പാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.2810/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 03.11.2018

പരാമർശം :- 1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.09.2018-ലെ കത്തും 24.09.2018-ൽ നടന്ന നൂതന പ്രോജക്ടുകളുടെ ജില്ലാതല വിദഗ്ദ്ധ സമിതി യോഗത്തിന്റെ നടപടിക്കുറിപ്പും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2018-ലെ തീരുമാനം നം. 4.10 (2)

<u>ഉത്തരവ്</u>

കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് ഒരു മാസം പ്രായമായ പൂവൻകോഴി കുഞ്ഞുങ്ങളെ വാങ്ങി 3 മാസം വളർത്തി വലുതാക്കി വിൽക്കുന്നതിനായി ഇറച്ചിക്കോഴി വളർത്തൽ എന്ന പേരിൽ പ്രോജക്ട് (പ്രോ.നം- 36/18 അടങ്കൽ 46.00 ലക്ഷംരൂപ, വികസന ഫണ്ട്-23.00 ലക്ഷം രൂപ) തയ്യാറാക്കിയിട്ടുണ്ടെന്നും 100 എണ്ണം വീതം ബ്രോയിലർ കോഴികളെ നൽകികൊണ്ടുള്ള യൂണിറ്റാണ് ഉദ്ദേശിക്കുന്നതെന്നും കൂടിനും കോഴിക്കുഞ്ഞിനും 50 ശതമാനം വീതം സബ്സിഡിയോടെ നൽകുകയാണ് പ്രവർത്തനമെന്നും നൂതന പ്രോജക്ടായി തയ്യാറാക്കിയിരിക്കുന്ന ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നുമുള്ള പഞ്ചായത്തിന്റെ അപേക്ഷ പരാമർശം (1)പ്രകാരം എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയുണ്ടായി.

ഈ വിഷയം പരാമർശം (2)ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിച്ചു. ടി യോഗത്തിന്റെ 4.10(2) നമ്പർ തീരുമാനപ്രകാരം കൂടിന് അനുവദനീയമായ സബ്സിഡി 25% മായും കോഴിക്കുഞ്ഞിന് മാർഗ്ഗരേഖപ്രകാരമുള്ള സബ്സിഡിയിൽ പരിമിതപ്പെടുത്തിയും നൽകേണ്ടതാണ് എന്ന നിബന്ധനയോടെ ടി പ്രോജക്ട് നടപ്പാക്കാൻ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡണ്ട്, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:**- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ